**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4696** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പ് മുഖേന ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചാവക്കാട്, ഗുരുവായൂർ, പൂക്കോട്, കടപ്പുറം, ഒരുമനയൂർ, പുന്നയൂർ, പുന്നയൂർക്കുളം, വൈലത്തൂർ, ഏങ്ങണ്ടിയൂർ എന്നീ മൃഗാശുപത്രികൾ വഴി ഈ സാമ്പത്തിക വർഷം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. ക്രമ നം പദ്ധതി തുക 1 രാത്രികാല മൃഗ ചികിത്സ സേവനം (അടിയന്തിര സാഹചര്യങ്ങളിൽ 582465/- കർഷകന്റെ വീട്ടുപടിക്കൽ മൃഗ ചികിത്സ സേവനം നൽകൽ) 2 മൃഗാശുപത്രികളുടെ ശുചീകരണം (അണുവിമുക്തമാക്കൽ) 23000/- 3 ഗോട്ട് സാറ്റലൈറ്റ് പദ്ധതി 100000/- 4 കറവ യന്ത്രം വാങ്ങുന്നതിന് ക്ഷീര കർഷകർക്ക് ധനസഹായം 25000/- ആകെ 730465/- ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ ക്രമ നം പദ്ധതിയുടെ പേര് എണ്ണം/വിസ്തീർണ്ണം ധനസഹായം 1 തീറ്റപ്പുൽവികസന പരിപാടി 4 ഹെക്ടർ 50,000/- തീറ്റപ്പുൽകൃഷി തോട്ടമുണ്ടാക്കൽ 2 മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി 1. ഒരു പശു 7 എണ്ണം 2,45,000/- 2. 2 പശു യൂണിറ്റ് 3 എണ്ണം 3,45,000/-, 3. കോമ്പോസിറ്റ് ഡയറി യൂണിറ്റ്(1പശു+1കിടാരി) 1 എണ്ണം 53,000/- 4. അവശ്യാധിഷ്ഠിത ധനസഹായം 5 എണ്ണം 1,30,000/- 5. കാലിത്തൊഴുത്ത് നിർമ്മാണം 2 എണ്ണം 1,00,000/- 3 ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം 1. FSSA 2006 നിയമ പ്രകാരമുള്ള സജ്ജീകരണങ്ങൾ ഒരുക്കൽ 1 എണ്ണം 45,000/- 2. അവശ്യാധിഷ്ഠിത ധനസഹായം 1 എണ്ണം 30,000/- 3. ട്രാൻസ്പോർട്ടേഷൻ അസിസ്റ്റന്റ്സ് 2 എണ്ണം 70,000/- 4 കാലിത്തീറ്റ ധനസഹായ പദ്ധതി ക്ഷീര സംഘങ്ങൾ വഴിയുള്ള ഡ്രൈ ഫോഡർ, പച്ചപ്പുൽ വിതരണം 1 എണ്ണം 27,000/- |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതിയ ക്ഷീര സംഘങ്ങൾ | (ബി) | വടക്കേക്കാട് പഞ്ചായത്തിൽ പുതിയ സംഘം |

| | | | |
|---|---|---|---|
| | രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര കർഷകരുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | | രൂപീകരിക്കുന്നത് പരിഗണനയിലാണ്. ചാവക്കാട് മുൻസിപ്പാലിറ്റിയിൽ 56, ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ 30, ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 82 എന്നീ കണക്ക് പ്രകാരം 168 കർഷകർ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ചാവക്കാട് മുൻസിപ്പാലിറ്റിയിൽ 35, ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ 38, ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 15 എന്നീ എണ്ണം കർഷകരാണ് സംഘത്തിൽ പാൽ അളന്നു വരുന്നത്. എങ്ങണ്ടിയൂർ പഞ്ചായത്തിൽ 618 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 74 കർഷകർ സംഘത്തിൽ പാലളന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ